കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് – സാങ്കേതികം - പോളിടെക്നിക് കോളേജുകളിലെ വിദ്യാർത്ഥികളുടെ ഹാജർ കുറവ് മാപ്പാക്കൽ – പുതിയ വ്യവസ്ഥകൾ രൂപപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ (കൈ) നം.326/2019/ഉവിവ തീയതി, തിരുവനന്തപുരം, 30/09/2019.

---

പരാമർശം: 1. സ.ഉ. (സാധാ) നം. 724/2019/ഉവിവ തീയതി 9.5.2019.
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 24.09.2019 തീയതിയിലെ സി2/18011/2011/ഡിടിഇ നമ്പർ കത്ത്.

## ഉത്തരവ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പോളിടെക്നിക് കോളേജുകളിലെ വിദ്യാർത്ഥികളുടെ ഹാജർ കുറവ് മാപ്പാക്കി പരീക്ഷ എഴുതുവാൻ അനുമതി നൽകുന്നതിന് കമ്മിറ്റി രൂപീകരിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (2) പ്രകാരം ആയതിലേക്കുള്ള പുതിയ വ്യവസ്ഥകൾ രൂപപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സർക്കാർ, സർക്കാർ നിയന്ത്രിത, എയ്ഡഡ്, സ്വാശ്രയ പോളിടെക്നിക് കോളേജുകളിലെ വിദ്യാർത്ഥികളുടെ ഹാജർ കുറവ് മാപ്പാക്കി പരീക്ഷ എഴുതുവാൻ അനുമതി നൽകുന്നതിന് താഴെ പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പരീക്ഷ എഴുതുന്നതിനോ പ്രമോഷനോ ഉള്ള ഹാജർ കുറവ് പരിഹരിക്കുന്നതിനുള്ള അധികാരം സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷനിൽ നിക്ഷിപ്തമായിരിക്കും .

2. ഒരു വിദ്യാർത്ഥിയ്ക്ക് തന്റെ പഠന കാലയളവിൽ ഹാജർ കുറവ് മാപ്പാക്കുന്നതിനുള്ള അർഹത മൂന്ന് തവണ മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു.

3. 65% മുതൽ 75% വരെ ഹാജർ ഉള്ള വിദ്യാർത്ഥികൾക്ക് മാത്രമേ ഹാജർ കുറവ് മാപ്പാക്കുന്നതിന് അപേക്ഷിയ്ക്കാൻ അർഹത ഉണ്ടായിരിയ്ക്കുകയുള്ളൂ . ഹാജർ കുറവ് വന്നതിനുള്ള യഥാർത്ഥ കാരണം ബോധ്യപ്പെടുത്തി രക്ഷാകർത്താവും വിദ്യാർത്ഥിയും സംയുക്തമായി അപേക്ഷ നൽകേണ്ടതാണ്.

4. ആദ്യ തവണ ഹാജർ മാപ്പാക്കൽ അനുവദിയ്ക്കുന്നതിന് സ്ഥാപനമേധാവിയേയും രണ്ടാം തവണ ഹാജർ മാപ്പാക്കൽ അനുവദിയ്ക്കുന്നതിന് അതാത് മേഖലാ കാര്യാലയ ജോയിന്റ് ഡയറക്ടർ , സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഡപ്യൂട്ടി ഡയറക്ടർ ( ജനറൽ ) എന്നിവരെയും മൂന്നാം തവണ ഹാജർ മാപ്പാക്കൽ അനുവദിയ്ക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സീനിയർ ജോയിന്റ് ഡയറക്ടറേയും സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ അധികാരപ്പെടുത്തിയിരിയ്ക്കുന്നു.

5. സിവിൽ സർജന്റെ റാങ്കിൽ കുറയാത്ത ഡോക്ടറുടേയോ അംഗീകൃത / രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണറുടേയോ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ മാത്രമേ ഹാജർ കുറവ് മാപ്പാക്കുന്നതിന് പരിഗണിക്കുകയുള്ളൂ.

6. ഹാജർ നില 65 ശതമാനത്തിൽ കുറവ് വരുന്ന വിദ്യാർത്ഥികൾ ഹാജർ കുറവ് മാപ്പാക്കലിന് തികച്ചും അർഹതയുണ്ടെന്ന് ബോധ്യമുള്ള പക്ഷം സ്ഥാപനമേധാവിയ്ക്ക് സമർപ്പിയ്ക്കേണ്ടതാണ്. സ്ഥാപന മേധാവി പ്രസ്തുത അപേക്ഷ ശുപാർശയോടുകൂടി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് അയയ്ക്കേണ്ടതാണ്. പ്രസ്തുത അപേക്ഷയിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സീനിയർ ജോയിന്റ് ഡയറക്ടർ, ജോയിന്റ് കൺട്രോളർ ഓഫ് ടെക്നിക്കൽ എക്സാമിനേഷൻസ്, ഡെപ്യൂട്ടി ഡയറക്ടർ ( ജനറൽ ) എന്നിവർ ചേർന്ന സംയുക്ത കമ്മിറ്റിയ്ക്ക് പ്രസ്തുത വിദ്യാർത്ഥിയ്ക്ക് ഹാജർ കുറവ് മാപ്പാക്കൽ നൽകുന്ന കാര്യത്തിൽ ശുപാർശ നൽകാവുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ മെമ്പർ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നതുമാണ് . ഈ കമ്മിറ്റിയുടെ ക്വാറം 2 ആയിരിയ്ക്കുന്നതാണ്.

6. (എ) ഹാജർ കുറവ് മാപ്പാക്കലിന് അപേക്ഷിയ്ക്കുന്ന വിദ്യാർത്ഥികൾ അവർ ഇപ്പോൾ പഠിച്ചുകൊണ്ടിരിയ്ക്കുന്ന സെമസ്റ്ററിന് തൊട്ട് മുൻപത്തെ സെമസ്റ്റർ വരെ 50% കൂടുതൽ വിഷയങ്ങൾ പാസ്സായിരിയ്ക്കേണ്ടതാണ് . നിശ്ചിത ശതമാനത്തിൽ കുറവ് വിഷയങ്ങൾ പാസ്സാകാത്തവരുടെ അപേക്ഷ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ഒന്നാം സെമസ്റ്റർ വിദ്യാർത്ഥികൾക്ക് ഇത് ബാധകമല്ല.

6. (ബി) ഹാജർ കുറവ് മാപ്പാക്കലിന് അപേക്ഷിയ്ക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത സെമസ്റ്ററിലെ പരീക്ഷ എഴുതുന്നതിന് ആവശ്യമായ എല്ലാവിധ അക്കാദമിക് പ്രവർത്തനങ്ങളും പൂർത്തീകരിച്ചിരിയ്ക്കേണ്ടതാണ്.

7. രണ്ടാമത്തേയും മൂന്നാമത്തേയും ഹാജർ മാപ്പാക്കലിനുള്ള അപേക്ഷ വിദ്യാർത്ഥി പഠിയ്ക്കുന്ന സ്ഥാപന മേധാവി മുഖേന ബന്ധപ്പെട്ട ആഫീസിലേയ്ക്ക് അയയ്ക്കേണ്ടതാണ്. നേരിട്ട് സമർപ്പിയ്ക്കുന്ന / അയയ്ക്കുന്ന അപേക്ഷ യാതൊരു കാരണവശാലും സ്വീകരിയ്ക്കുന്നതല്ല .

8. പ്രിൻസിപ്പാളിന്റെ ശുപാർശയോടുകൂടി ഒരു വിദ്യാർത്ഥി പങ്കെടുക്കുന്ന പാഠ്യേതര വിഷയങ്ങളിൽ ( എൻ . സി . സി ., എൻ . എസ് . എസ് ., കലാ - കായിക മൽസരങ്ങൾ , കോളേജ് യൂണിയൻ, മാഗസിൻ മുതലായവ ) ഒരു സെമസ്റ്ററിൽ പരമാവധി 10 ദിവസം ഹാജരിന് പകരം കണക്കാവുന്ന ഡ്യൂട്ടി ലീവ് നൽകുന്നതാണ് .

9. റിപ്പബ്ലിക് ദിന/സ്വാതന്ത്ര്യ ദിന പരേഡിൽ പങ്കെടുക്കുന്ന എൻ.സി.സി/ എൻ.എസ്.എസ്. വിദ്യാർത്ഥികൾക്ക് അവർ പ്രസ്തുത പരിപാടികളിൽ പങ്കെടുത്ത ദിനങ്ങൾ അർഹതയുള്ള അവധിയായി പരിഗണിയ്ക്കാവുന്നതും പ്രസ്തുത തീയതികൾ ആകെ ആവശ്യമുള്ള ഹാജരിൽ നിന്നും ഒഴിവാക്കി കൊടുക്കുന്നതുമാണ് .

10. ഹാജർ കുറവ് മാപ്പാക്കലിന് താഴെപ്പറയുന്ന നിരക്കിലുള്ള ഫീസ് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

**a . ഒന്നാം തവണ - 500/- രൂപ**

**b. രണ്ടാം തവണ -750/-രൂപ**

**C.മൂന്നാം തവണ -1000/-രൂപ**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**തരുൺലാൽ എസ്,**
ഡെപ്യൂട്ടി സെക്രട്ടറി .

മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം.
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സാങ്കേതിക പരീക്ഷാ ജോയിന്റ് കൺട്രോളർ, കൈമനം, തിരുവനന്തപുരം.
എല്ലാ പ്രിൻസിപ്പൽമാർക്കും (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേന).
വിവരപൊതുജന സമ്പർക്ക വകുപ്പ് (വെബ് &ന്യൂ മീഡിയ)
www.highereducation.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Manuj M
സെക്ഷൻ ഓഫീസർ.